# അബോർഷൻ ജസ്റ്റ് ഫോർ 500

എ. ഹക്കീം

അബോർഷൻ ജസ്റ്റ് ഫോർ 500- ഭ്രൂണഹത്യക്ക് 500 രൂപ മാത്രം! ഗ്രാമത്തിലെ അമ്മമാർ പ്രാകൃത രീതികളുപയോഗിച്ച് ഗർഭം നശിപ്പിക്കുമ്പോൾ, ഇവിടെ അത്യാധുനിക മാർഗ്ഗങ്ങളാണ് ഭ്രൂണഹത്യക്ക് ഉപയോഗിക്കുന്നത്. പെൺ ഭ്രൂണഹത്യയാണ് ഇതിലധികവും. ഈ ബോർഡുകൾ വഴിനീളെ കാണുന്നത് മറ്റെവിടെയുമല്ല. നമ്മുടെ രാജ്യത്തിന്റെ തലസ്ഥാനത്തു നിന്നു തന്നെ!

ഇത് ഡൽഹി നഗരം.

ഇവിടെ 'അബോർഷൻ ക്ലിനിക്കുകൾ' സുലഭം! ഗർഭസ്ഥ ശിശു ആണോ പെണ്ണോ എന്ന് തിരിച്ചറിയാൻ സഹായിക്കുന്ന 'അൾട്രാ സോണിക് ക്ലിനിക്കുകളും' ഇവിടെ കൂണു പോലെ മുളച്ച് പൊങ്ങിയിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങൾ എന്നും ജനനിബിഡമാണ്. അവിഹിത ഗർഭസ്ഥർക്ക് ഇത്തരം ക്ലിനിക്കുകൾ അനുഗ്രഹമായേക്കാം. മറ്റുള്ളവർക്ക് തന്റെ ഗർഭാശയത്തിൽ വളരുന്ന പെൺകുഞ്ഞിനെ നശിപ്പിക്കാനുള്ള ഒരു മാർഗ്ഗവും. 'മെട്രോപോളിറ്റൻ കൾച്ചർ' വാഴുന്ന ഇവിടെ, അവിഹിത വേഴ്ചകളുടെ പരിണതഫലമായി അവിഹിത ഗർഭം ധരിച്ചവർക്ക്, രഹസ്യമായി 'അബോർഷൻ' നടത്താൻ ഇത്തരം ക്ലിനിക്കുകളെ സമീപിച്ചാൽ മാത്രം മതി. സംഗതി ഭദ്രം! ഈ സംവിധാനമുപയോഗിച്ച് കുഞ്ഞ് പെണ്ണാണെന്നറിഞ്ഞാൽ ഭ്രൂണം നശിപ്പിക്കുന്ന അമ്മമാരുടെ എണ്ണം ഇവിടെ കൂടിവരികയാണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ സെക്സ് റേഷ്യോ 1976 ലെ 976 ൽ നിന്നും 2001ലെ 927ലേക്കുള്ള കുത്തനെയുള്ള താഴ്ച ഇതിന് തെളിവാണ്. നഗരത്തിൽ ലഭ്യമാകുന്ന അത്യാധുനിക മാർഗ്ഗങ്ങളാണ് ഉയർന്ന ഭ്രൂണഹത്യാനിരക്കിന് മറ്റൊരു കാരണം.

ഇനി ഏറെ ഞെട്ടലുണ്ടാക്കുന്ന മറ്റൊരു വസ്തുത, നഗരത്തിലെ 'അൾട്രാ സോണിക് ക്ലിനിക്കുകളു'ടെ ഭീമമായ വളർച്ചയാണ്. അൾട്രാ സോണിക് ക്ലിനിക്കുകളെ നിരോധിക്കാൻ 1994ൽ ഗവൺമെന്റ് 1994ൽ തന്നെ ഭ്രൂണപരിശോധന നിയന്ത്രണത്തിനായി നിയമം കൊണ്ടു വന്നിട്ടുണ്ട്. പക്ഷെ, ഇത്തരം ക്ലിനിക്കുകളെ നിയന്ത്രിക്കാൻ ഈ നിയമത്തിന് കഴിയുന്നില്ല എന്നതാണ് സത്യം. പുതിയ പുതിയ സാങ്കേതിക വിദ്യകൾ നഗരത്തിൽ ലഭ്യമാകുമ്പോഴും, ഭ്രൂണഹത്യയെ പ്രോത്സാഹിപ്പിക്കുന്ന ഡോക്ടർമാരുടെ എണ്ണം കൂടുമ്പോഴും, ഇത്തരം ക്ലിനിക്കുകളെ നിയന്ത്രിക്കുന്നതിൽ നിയമങ്ങൾ നോക്കുകുത്തിയായാൽ അത്ഭുതപ്പെടാനില്ല.

നൈമിഷിക വേഗത്തിൽ വളരുന്ന ഈ നഗരത്തിൽ ഭ്രൂണഹത്യാനിരക്കിൽ വരുന്ന വർദ്ധനവിന് പരിഹാരം തേടുകയാണ് മനുഷ്യസ്നേഹികളിപ്പോൾ യുനെസ്കോയും ഗവൺമെന്റും ഒത്തുചേർന്ന് മതമേലധ്യക്ഷരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.